പണിയാൻ അനുയോജ്യമാണോ എന്നും അറിയുന്നതിനുവേണ്ടി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ജില്ലാ രജിസ്ട്രാർക്കും താലൂക്ക് ഓഫീസിൽനിന്നും 30-9-2014-ന് കത്തയച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(എഫ്) ജില്ലാ കളക്ടറിൽനിന്നും ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിൽ ഭൂമി കൈമാറ്റ ശിപാർശയും അനുബന്ധരേഖകളും ലഭ്യമാകുന്നമുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

കിണറുകൾ വൃത്തിയാക്കുന്നവർക്ക് സുരക്ഷാബോധവത്ക്കരണം

143 (1175) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിണറുകൾ വൃത്തിയാക്കാനിറങ്ങുന്നവരും ഭൂമി കുഴിച്ചുള്ള പണികളിലേർപ്പെടുന്നവരും അവിചാരിത അപകടങ്ങളിൽപ്പെട്ട് ജീവഹാനി സംഭവിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ബി) ശുദ്ധവായു ലഭിക്കാതെയും വിഷവാതകം ശ്വസിച്ചും മണ്ണിടിഞ്ഞും ഉണ്ടാകുന്ന ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പ്രവൃത്തികളിലേർപ്പെടുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങളെക്കുറിച്ചും പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ബോധവൽക്കരണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമപ്രകാരമുള്ള സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് രജിസ്ട്രേഷൻ എടുക്കുന്ന എല്ലാ തൊഴിലുടമകൾക്കും കർശന നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ, തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I എന്നിവർ ടി നിയമപ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ തൊഴിലിടങ്ങളിൽ പാലിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലിടങ്ങളിൽ ഒരുക്കേണ്ട സുരക്ഷാമാനദണ്ഡങ്ങളെക്കുറിച്ചും പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ബോധവത്ക്കരണം നടത്തുന്നതിനാവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെയും സഹായത്തോടെ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും തൊഴിലിടങ്ങളിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി കർമ്മപരിപാടി തൊഴിൽ വകുപ്പ് ആസൂത്രണം ചെയ്യുന്നതാണ്. അപകടമരണം സംഭവിക്കുന്ന സന്ദർഭങ്ങളിൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരം തൊഴിലുടമ/ കരാറുകാരൻ നോട്ടീസ് നൽകി നഷ്ടപരിഹാരം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

കൃഷ്ണപുരം, കായംകുളം വില്ലേജ് ആഫീസുകൾ-പുതിയ കെട്ടിട നിർമ്മാണം

144 (1176) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിലെ കൃഷ്ണപുരം, കായംകുളം വില്ലേജ് ആഫീസുകൾക്കുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കാർത്തികപ്പള്ളി താലൂക്കിലെ കായംകുളം വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ 2-11-2012-ൽ പൂർത്തികരിച്ചിട്ടുണ്ട്. കൃഷ്ണപുരം വില്ലേജ് ആഫീസ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തുന്നതിന് 23-5-2015-ലെ സ.ഉ.(സാധാ) നമ്പർ 2633/2015/റവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) കൃഷ്ണപുരം വില്ലേജ് ആഫീസ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly